**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 551** **24-08-2022 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങൾക്ക് 5% ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അരിയും ധാന്യങ്ങളും പാലുൽപന്നങ്ങളും ഉൾപ്പെടെ ചില്ലറ വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്ക് 5 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനത്ത് നടപ്പാക്കില്ല എന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | മന്ത്രിമാരുടെ കൂട്ടായ്മയിലും നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിലും എടുത്ത തീരുമാനങ്ങൾക്ക് യോജിച്ച രീതിയിലല്ലാതെ സാധാരണക്കാർക്ക് വലിയ ആശങ്കയുണ്ടാക്കുന്ന രീതിയിലാണ് നിരക്ക് വർദ്ധനവ് സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചത്. സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് ഇത് സംബന്ധിച്ച വ്യക്തത കേന്ദ്ര സർക്കാർ പിന്നീട് പുറപ്പെടുവിച്ചു. സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗ്ഗങ്ങൾക്കും നികുതി ചുമത്തുവാൻ 47-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. അരിയുൾപ്പെടെയുള്ള "യൂണിറ്റ് കണ്ടെയ്നറിൽ പാക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദിഷ്ട സാധനങ്ങൾ" ക്ക് നേരത്തെ തന്നെ ബാധകമായിരുന്ന 5 ശതമാനം ജി.എസ്.ടി.യുടെ ഘടന, അടിസ്ഥാനപരമായി "മുൻകൂറായി പാക്ക് ചെയ്ത ലേബൽ ചെയ്തിട്ടുള്ള" എന്നതാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. ഈ നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം നികുതി പിരിക്കുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. |

| | | | |
|---|---|---|---|
| | | | ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പാക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ